APPENDIX H5

നമ്പർ: DDEKNR/7663/2025-A3

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
കണ്ണൂർ, തീയതി : 08-12-2025
ഫോൺ നമ്പർ 0497-2705149
Email: ddeknr.dge@kerala.gov.in

## കാരണം കാണിക്കൽ നോട്ടീസ്

പാച്ചേനി ഗവ.ഹൈസ്കൂളിലെ ഓഫീസ് അറ്റന്റന്റ് ശ്രീ.മുഹമ്മദ് അൻസാരി.വി.എച്ച് ന നൽകുന്ന കാരണം കാണിക്കൽ നോട്ടീസ്.

ശ്രീ.മുഹമ്മദ് അൻസാരി.വി.എച്ച് എന്ന താങ്കൾ ബിഎഡ് പഠനാവശ്യത്തിനായി 19-06-2023 മുതൽ 18-05-2025 വരെ ശൂന്യവേതനാവധിയ്ക്ക് അപേക്ഷ നൽകിയിരുന്നു എന്നും താങ്കൾ 19-06-2023 മുതൽ തന്നെ അവധിയിൽ പ്രവേശിച്ചിരുന്നു എന്നും നാളിതുവരെയായി താങ്കളുടെ അവധി പാസായി വരുകയോ താങ്കൾ ഇതുവരെയായി തിരികെ ജോലിയിൽ പ്രവേശിക്കുകയോ ചെയ്തിട്ടില്ല എന്ന് പ്രധാനാധ്യാപകൻ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ താങ്കൾക്ക് കുറ്റപത്രം , കുറ്റാരോപണ പത്രിക എന്നിവ നൽകുകയും ആയത് താങ്കൾ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. താങ്കളുടെ ഭാഗത്ത് നിന്നും യാതൊരു പ്രതികരണവും ഉണ്ടായിട്ടില്ല.

താങ്കളുടെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത് ഗുരുതരമായ അച്ചടക്ക ലംഘനമാണെന്ന് കാണുന്നു. ആയതിനാൽ KSR Part I, Appendix XIIA- Rule 9, 1960-ലെ കേരളാ സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V ചട്ടം 11 ൽ VII പ്രകാരം താങ്കളെ സർവീസിൽ നിന്നും നീക്കം ചെയ്യാൻ തീരുമാനിച്ചിരിക്കുന്നു. താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ഈ നോട്ടീസ് കിട്ടി 15 ദിവസത്തിനകം മറുപടി സമർപ്പിക്കേണ്ടതാണ്. താങ്കളുടെ മറുപടി നിർദ്ദിഷ്ട തീയ്യതിക്കകം ലഭിക്കുന്നില്ലായെങ്കിൽ ഈ വിഷയത്തിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന അനുമാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

Signed by
Beena C
Date: 08-12-2025 15:26:28
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
(പൂർണ്ണ അധിക ചുമതല)
വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, കണ്ണൂർ

സ്വീകർത്താവ് :

1. ശ്രീ.മുഹമ്മദ് അൻസാരി.വി.എച്ച് , ഓഫീസ് അറ്റന്റന്റ് (പാച്ചേനി ഗവ. ഹൈസ്കൂൾ പ്രധാനാധ്യാപകൻ മുഖേന)
2. പ്രധാനാധ്യാപകൻ , ഗവ. ഹൈസ്കൂൾ പാച്ചേനി



File No. DDEKNR/7663/2025-A3 (Computer No. 1665856)
Generated from eOffice by VAISAKH PK, A3 DDE KNR, A3 DDE KNR, DEPUTY DIRECTOR OF GENERAL EDUCATION KANNUR on 11/02/2026 11:36 AM